വിവരം ഉത്തരവിന്റെ പകർപ്പ് സഹിതം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുള്ളതായും ഫയൽ 8-1-2014-ൽ സമർപ്പിക്കുന്ന കാലയളവായ 9-1-2014-ലാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പി.എ. സർക്കാർ ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സെക്ഷനിൽ വന്നതെന്നും കാണാൻ കഴിഞ്ഞു. കൂടാതെ "എം.എൽ.എ.-യുടെ പി.എ-ക്ക് ഉത്തരവ് നൽകാൻ സാധിക്കില്ല" എന്ന് അദ്ദേഹത്തോട് പറഞ്ഞിട്ടില്ലായെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ-യുടെ പി.എ. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെടുകയും ഈ വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ സ്കൂളുകളിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ചുള്ള നവീകരണം

36 (7001) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് വിനിയോഗിച്ച് സ്കൂൾ നവീകരണം നടത്തുന്നതിന് 2013-14 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) 2013-14 കാലയളവിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ചെയ്ത ജോലികൾ എന്തെല്ലാമായിരുന്നു ; ഏതെല്ലാം സ്കൂളുകളിലാണ് ജോലികൾ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) 2013-2014-ൽ സ്കൂളുകളുടെ നവീകരണത്തിന് വിനിയോഗിക്കേണ്ട തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടില്ലയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 2013-14 കാലയളവിൽ സ്കൂൾ നവീകരണത്തിനായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 88,06,566 രൂപ വിനിയോഗിച്ചു.

(ബി) 1. മേജർ റിപ്പയർ (സ്കൂൾ നവീകരണം)

2. അഡാപ്റ്റഡ് ടോയ്ലറ്റ് എന്നീ ജോലികളാണ് എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് മണ്ഡലത്തിൽ നടത്തിയിട്ടുള്ളത്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. 2013-14 കാലയളവിൽ അമ്പലപ്പുഴ ഡാഡർ എച്ച്.എസ്.-ന് അനുവദിച്ച 6,25,068 രൂപയിൽ 1,23,016 രൂപ ഇനിയും ചെലവഴിക്കാനുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly